**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 321** **27-01-2026 - ൽ മറുപടിയ്ക്ക്**

**ഉദുമ മണ്ഡലത്തിൽ എക്സൈസ് വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉദുമ മണ്ഡലത്തിൽ എക്സൈസ് വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം നൽകാമോ? | (എ) | ഉദുമ മണ്ഡലത്തിൽ വിമുക്തിയുമായി ബന്ധപ്പെട്ട് നിയമസഭ സാമാജികരുടെ നേതൃത്വത്തിൽ നിയോജക മണ്ഡല തല ക്യാമ്പ് ചട്ടംചാലിൽ വച്ച് സംഘടിപ്പിച്ചിട്ടുണ്ട്. ഉദുമ മണ്ഡലത്തിലെ കിഴൂർ എന്ന തീരദേശ പ്രദേശത്ത് മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചിരുന്നു. GHSS തച്ചങ്ങാട്, GHSS പാക്കം, GFHSS ബേക്കൽ എന്നീ സ്കൂളുകളിൽ കായിക വിദ്യാഭ്യാസത്തിനു പ്രാധാന്യം നല്കികൊണ്ട് ‘ടിം വിമുക്തി സ്പോർട്ട്സ് ടിം’ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ ഭാഗമായി ജില്ലയിലെ തിരഞ്ഞെടുത്ത 48 സ്കൂളുകളിലെ സ്പോർട്സ് ടീമുകളെ പങ്കെടുപ്പിച്ചുകൊണ്ട് ചട്ടംചാലിൽ ഹയർ സെക്കണ്ടറി സ്കൂളിൽ വച്ച് ജില്ലാതലത്തിൽ The challenge Accepted സ്പോർട്സ് മീറ്റ് സംഘടിപ്പിച്ചിട്ടുണ്ട്. കുട്ടികളിൽ സർഗ്ഗവാസന കണ്ടെത്തുന്നതിനും അവ പ്രോത്സാഹിപ്പിക്കുന്നതിനുമായി ബേഡഡുക്ക ഗ്രാമപഞ്ചായത്തിലെ കുട്ടികൾക്ക് ക്രിസ്തുമസ്സ് അവധിക്കാലത്ത് പ്രത്യേക പരിശീലനം നല്കി 'കുട്ടികളുടെ ബിനാലെ 'സംഘടിപ്പിച്ചിട്ടുള്ളതാണ്.<br><br>തീരദേശ മേഖലയിലെ യുവതി യുവാക്കൾക്കായി 'തൊഴിലാണ് എന്റെ ലഹരി' എന്ന പേരിൽ 6 മാസം നീണ്ട് നിന്ന സൗജന്യ PSC പരിശീലനവും 210 ലഹരിവിരുദ്ധ ക്ലാസ്സുകളും 5 സെമിനാറുകളും 4 ഏകദിന ശില്പശാലകളും 12 ലഹരിവിരുദ്ധ സദസ്സുകളും 2 ലഹരിവിരുദ്ധ റാലികളും മേൽ കാലയളവിൽ സംഘടിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ